LIBRARY ARCHIVES Kerala Legislative Assembly

മാസംതോറും അലോട്ട്മെന്റ് നൽകുന്ന സമ്പ്രദായവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജോലിഭാരവും

112 [1588] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം പദ്ധതിവിഹിതത്തിന്റെ എത്ര ശതമാനമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുവാൻ തീരുമാനിച്ചിട്ടുള്ളതെന്നും അതിൽ നാളിതുവരെ എത്ര തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(ബി) നൽകിയ തുകയിൽ നാളിതുവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്തു തുക ചെലവാക്കിയെന്നും അത് എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ;

(സി) മാസംതോറും അലോട്ട്മെന്റ് നൽകുന്ന സമ്പ്രദായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജോലി ഭാരം വർദ്ധിപ്പിക്കുവാൻ ഇടയാക്കിയിട്ടുണ്ട് എന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എന്നാൽ മുന്നുമാസത്തെ അലോട്ട്മെന്റ് ഒരുമിച്ച് നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ സാമ്പത്തിക വർഷം പദ്ധതി അടങ്കലിന്റെ ഏകദേശം 33.33 ശതമാനം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ജനുവരി 2004 വരെ 10 മാസഗഡുക്കളായി 1092.68 കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ 335 കോടി രൂപ അധിക പദ്ധതിവിഹിതമായി ആഗസ്റ്റ് മുതൽ ഡിസംബർ വരെ അഞ്ചു മാസ ഗഡുക്കളായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

(ബി) ഡിസംബർ 2003 വരെ നടത്തിയ പദ്ധതി നിർവ്വഹണ അവലോകന ത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 36695.63 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. അത് അനുവദിച്ച തുകയുടെ 28.51 ശതമാനം ആണ്.

(സി) ഇല്ല.

(ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.